**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5794** **08-07-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ അൻപതാം വാർഷികം പ്രമാണിച്ച് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോയുടെ അൻപതാം വാർഷികം പ്രമാണിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | സപ്ലൈകോയുടെ അൻപതാം വാർഷികത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് സപ്ലൈകോ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1.സപ്ലൈകോയുടെ ഉപഭോക്താക്കൾക്ക് ആകർഷകമായ ഡിസ്കൗണ്ട്/ഓഫറുകൾ നൽകും. സപ്ലൈകോയുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് 25/06/2024 മുതൽ 50 ദിവസത്തേക്ക് ശബരി ഉത്പന്നങ്ങൾക്ക് വിലക്കുറവും പ്രത്യേക ഓഫറുകളും ആരംഭിച്ചിട്ടുണ്ട് .<br><br>2.സപ്ലൈകോയുടെ പഴയ വിൽപ്പനശാലകൾ നവീകരിക്കും.<br><br>3.ദീർഘനാളായി തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കും.<br><br>4.ആഡിറ്റ് അക്കൗണ്ട്സ് ഫൈനലൈസേഷൻ വേഗത്തിലാക്കും.<br><br>5.സപ്ലൈകോയിൽ ERP പൂർണ്ണമായി നടപ്പാക്കും.<br><br>6.ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണുകൾ നവീകരിക്കും.<br><br>7.സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി ബ്രാൻഡി'ൽ ഭക്ഷ്യ എണ്ണകൾ ഉൾപ്പെടെയുള്ള കൂടുതൽ ഉൽപ്പന്നങ്ങളുടെ വിപണനം ആരംഭിക്കും.<br><br>8. അനുയോജ്യമായ ഇടങ്ങളിൽ പുതിയ മെഡിക്കൽ സ്റ്റോറുകളും പുതിയ പെട്രോൾ ബങ്കുകളും ആരംഭിക്കും. |

| | | | |
|---|---|---|---|
| | | | 9.വിപണന സാധ്യതയുള്ള വിവിധ മേഖലകളിലേയ്ക്ക് സപ്ലൈകോയുടെ ബിസിനസ് വ്യാപിപ്പിക്കും.<br><br>10.സപ്ലൈകോയുടെ പ്രവർത്തനം സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുമായി വിവിധ വിഷയങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കും. |
| (ബി) | ജനക്ഷേമകരമായ പദ്ധതികളിലൂടെ സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സപ്ലൈകോയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിൽ താഴെപ്പറയും പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>1. വിപണി ഇടപെടൽ പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 16-02-2024-തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പരിഷ്കരിക്കുകയുണ്ടായി. ഇതു മൂലം കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡി ആനുകൂല്യം എത്തിക്കുവാൻ സാധിക്കും.<br><br>കൂടാതെ പൊതു വിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 21-02-2024 മുതൽ നിലവിലുണ്ടായിരുന്ന മുളകിന്റെ സബ്സിഡി വില അര കി.ഗ്രാമിന് 82/- രൂപ എന്നത് 29-05-2024 തീയതിയിലെ സ.ഉ.(സാധാ)നം.129/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് അര കി.ഗ്രാമിന് 75/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 01-06-2024 മുതൽ പ്രസ്തുത വില നിലവിൽ വന്നു.<br><br>2. പൊതുവിപണി വിലയുമായി താരതമ്യം ചെയ്ത് സബ്സിഡി ഇതര ഉൽപ്പന്നങ്ങളുടെ വിൽപ്പന വിലകൾ പരിഷ്കരിക്കുന്നുണ്ട്.<br><br>3. സപ്ലൈകോ വിൽപ്പന ശാലകളിൽ ആവശ്യാനുസരണം സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ആവശ്യ ഘട്ടങ്ങളിൽ പഞ്ചസാര ഉൾപ്പെടെയുള്ള വിവിധ സബ്സിഡി ഇതര ഇനങ്ങൾ ഡിപ്പോ തലത്തിൽ വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4. പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾക്ക് ഇടയ്ക്കിടെ പ്രത്യേക ഡിസ്കൗണ്ട് ഓഫറുകൾ നൽകി വരുന്നു. ശബരി ബ്രാൻഡിൽ അരി, ആട്ട തുടങ്ങിയ കൂടുതൽ ഉൽപ്പന്നങ്ങൾ മിതമായ വിലയിൽ വിപണനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5. സോഷ്യൽ മീഡിയയിലൂടെ സപ്ലൈകോയുടെ ഡിസ്കൗണ്ട് ഓഫറുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്.<br><br>6. സപ്ലൈകോ ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ ജില്ല തിരിച്ച് വീഡിയോ കോൺഫറൻസ് രീതിയിൽ നടത്തുകയും യോഗത്തിൽ ലഭിക്കുന്ന പ്രതികരണങ്ങൾക്ക് അനുസൃതമായി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.<br><br>7. സപ്ലൈകോ ടെണ്ടറുകളിൽ സപ്ലൈയർമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിവിധ സപ്ലൈയർമാരുമായി ചർച്ച നടത്തി അവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>8. ലഭ്യമായ ഫണ്ട് വിനിയോഗം കേന്ദ്ര കാര്യാലയത്തിൽ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്.<br><br>9. ഔട്ട് ലെറ്റുകളുടെ/ഗോഡൗണുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണ നൽകി വരുന്നു. |
| (സി) | ശസ്ത്രക്രിയ ഉപകരണങ്ങൾ അടക്കം വിപണനം ചെയ്യുന്നതിന് സപ്ലൈകോ മെഡിമാർട്ട് എന്ന പേരിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സപ്ലൈകോയുടെ 50-ാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവയ്ക്ക് സമീപം അവശ്യ മരുന്നുകൾക്ക് പുറമേ മരുന്നിതര ഉൽപ്പന്നങ്ങളായ മെഡിക്കൽ/സർജിക്കൽ ഉപകരണങ്ങൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, Wellness ഉപകരണങ്ങൾ എന്നിവകൂടി വിൽപ്പന നടത്തുന്ന 'സപ്ലൈകോ മെഡി മാർട്ട്' എന്ന പേരിൽ 10 ശീതികരിച്ച വിൽപ്പന ശാലകൾ ആരംഭിക്കുന്നത് സജീവ പരിഗണനയിലാണ്.<br><br>സപ്ലൈകോയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കും. |
| (ഡി) | സ്വന്തം ബ്രാൻഡിൽ കൂടുതൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. വിപണന സാധ്യതയും ഉപഭോക്താക്കളുടെ ആവശ്യകതയും പരിഗണിച്ച് സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ Sunflower oil, Palmolien oil, ഉപ്പ്, പഞ്ചസാര, Hygiene ഉത്പന്നങ്ങൾ എന്നിവ വിപണിയിലിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുമൂലം ന്യായമായ വിലയിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ